## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3591

19.02.2013 ലെ മറുപടിയ്ക്ക്

# ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. എൻ. പ്രതാപൻ :**<br>**,, ഡൊമിനിക് പ്രസന്റേഷൻ :**<br>**,, കെ. ശിവദാസൻ നായർ :**<br>**,, അൻവർ സാദത്ത് :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ശാസ്ത്ര വിഷയങ്ങളിൽ കഴിവ് വികസിപ്പിക്കാനും, പരിശീലനം നൽകുവാനും വേണ്ടിയുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഒരു സംരംഭക സ്ഥാപനമാണ് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും, സയൻസ് ഗവേഷകർക്കും കോളേജ് സയൻസ് അധ്യാപകർക്കും ശാസ്ത്രത്തിലെ പുത്തൻ വിഷയങ്ങളെ കുറിച്ച് അവബോധം ലഭ്യമാക്കാൻ ഈ സ്ഥാപനം ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി, ഇത്തരം വിഷയങ്ങളിൽ, സമ്മർ/വിന്റർ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത് ; | (സി) കൗൺസിലിന്റെ കീഴിലുള്ള ആർ ആന്റ് ഡി സ്ഥാപനങ്ങളുടെയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടിയുടെയും സഹായത്തോടെ യാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. |

(ഡി) ഏതെല്ലാം കോഴ്സുകളാണ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ് ബിരുദ കോഴ്സുകളോ, ബിരുദാനന്തര കോഴ്സുകളോ നൽകുന്നില്ല. ശാസ്ത്ര, ഗണിത വിഷയങ്ങളിലുള്ള Emerging areas-ൽ സമ്മർ/വിന്റർ ക്ലാസുകളും, WEBINARS-ഉം, വിദ്യാർത്ഥികളും പ്രശസ്ത ശാസ്ത്രജ്ഞരുമായി ഇന്റർനെറ്റ് അധിഷ്ഠിത ശാസ്ത്ര സംവാദങ്ങളും മറ്റുമാണ് ഈ സ്ഥാപനം ഉദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ. വിദ്യാർത്ഥികൾക്ക് ലോകത്തെവിടെയു-മുള്ള ശാസ്ത്രകാരൻമാരുമായി തൽസമയം ശാസ്ത്ര വിഷയങ്ങൾ ചർച്ചചെയ്യാനും സംവാദങ്ങൾ നടത്താനും ഈ സ്ഥാപനത്തിലൂടെ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ